1 നവംബർ 2018

വില 25 രൂപ

# വിജ്ഞാനകൈരളി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം

## മാനവികമായ ഖുർആൻ വ്യാഖ്യാനം പ്രസക്തമാകുന്നത്



## എന്തുകൊണ്ട് സ്വർണം?

## ദ്രാവകചർമങ്ങൾ നിർമാണവും ഉപയോഗവും

## കെ.ബി.ശ്രീദേവിയുടെ രചനാലോകവും ലിംഗഭേദപഠനങ്ങളും

ISSN 2349-1051

## മലയാളഭാഷയും വ്യാകരണവും

# മലയാളഭാഷയും വ്യാകരണവും

ഡോ. ആർ. ഹരിശ്ചന്ദ്രൻ

ഭാഷയുടെ പ്രായോഗികനിയമങ്ങൾ വ്യാകരിക്കുന്നതാണ് വ്യാകരണം. വ്യാകരിക്കുകയെന്നാൽ സ്പഷ്ടമാക്കുക, അപഗ്രഥിക്കുക, വിവരിക്കുക, വിശദീകരിക്കുക എന്നിങ്ങനെ അർത്ഥം കൽപ്പിക്കാം. ഭാഷയുടെ രൂപവും ഘടനയും അപഗ്രഥിച്ച സമാനതയുള്ള ഘടകങ്ങളെ വർഗീകരിക്കുകയും അവയുടെ സമാനസ്വഭാവങ്ങൾ ക്രോഡീകരിക്കുകയും അപവാദങ്ങൾ ഉണ്ടെങ്കിൽ ചൂണ്ടിക്കാട്ടി വ്യാഖ്യാനിക്കുകയും ചെയ്യുന്ന ശാസ്ത്രമാണ് വ്യാകരണം. വ്യാകരണത്തിന്റെ പഠനവിഷയം ഭാഷയാണ്. ഭാഷയുടെ വർണതലത്തിലും പദതലത്തിലും വാക്യതലത്തിലുമുള്ള വ്യവസ്ഥകളുടെ വിശദീകരണവും പഠനവുമാണ് പൊതുവേ പറഞ്ഞാൽ വ്യാകരണം. ആ നിലയിൽ മലയാളഭാഷയെ വ്യവച്ഛേദിച്ച് പഠിക്കുന്നതിനെയാണ് മലയാളവ്യാകരണം എന്നു പറയേണ്ടത്.

സംസ്കൃതം, തമിഴ് തുടങ്ങിയ ഭാഷകൾക്ക് ഇമ്മാതിരിയുള്ള കൃത്യമായ വ്യാകരണം ഉള്ളതായിക്കാണാം. അവ കൃത്യമായി പാലിക്കുകയും ചെയ്യുന്നു. എന്നാൽ ഇതരഭാഷകളിൽ നിന്നു വ്യത്യസ്തമായ ഒരു ഭാഷയായി മലയാളം മാറിയെങ്കിലും ആ ഭാഷയുടെ എല്ലാ വ്യകരണതലങ്ങളെയും ഉൾക്കൊള്ളുന്ന സിദ്ധാന്തങ്ങൾ ഇനിയുമുണ്ടായിട്ടില്ല. ഏകീകൃതവും മാനകവുമായ ഒരവസ്ഥ ഒരു ഭാഷയ്ക്ക് കൈവന്നാൽ മാത്രമേ ആ ഭാഷയിൽ സമഗ്രവും സമ്പൂർണവുമായ വ്യാകരണസിദ്ധാന്തങ്ങൾ രൂപപ്പെടുത്താൻ കഴിയൂ. അമ്മാതിരി ഏകീകൃതവും നിർദേശാത്മകവും ഏകകാലികവുമായ ഒരവസ്ഥ ഇതുവരെ മലയാളഭാഷയ്ക്ക് കൈവന്നില്ല. ഓരോ കാലത്തും ഓരോരീതിയിലുള്ള ഒട്ടേറെ മലയാളം മലയാളത്തിനുണ്ടായി. അതിൽ ഏതു മലയാളത്തെ അടിസ്ഥാനമാക്കിയാണ് മലയാളവ്യാകരണം രൂപപ്പെടുത്താൻ കഴിയുക എന്നതാണ് മലയാളവ്യകരണത്തെ സംബന്ധിക്കുന്ന കാതലായ പ്രശ്നം.

പ്രാചീനകാലം മുതലേ കേരളത്തിൽ ജനവാസമുണ്ടായിരുന്നു. എ.ഡി. ഒന്നാം നൂറ്റാണ്ടുമുതലുള്ള സംഘകാലചരിത്രം നമുക്കു ലഭ്യമാണല്ലോ. കേരളത്തിലെ ജനങ്ങൾ എന്നുമുതൽ ഉപയോഗിച്ച ഭാഷയെയാണ് നാം മലയാളമെന്നു പറയേണ്ടത്. രണ്ടായിരത്തിലേറെ വർഷം പഴക്കം നമ്മുടെ ഭാഷയ്ക്കുണ്ടെന്ന് സ്ഥാപിച്ചാണ് മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി കരസ്ഥമാക്കിയത്. അത് ശരിയെങ്കിൽ തമിഴിലെഴുതി എന്ന് ഇന്നു കരുതുന്ന സംഘസാഹിത്യത്തിലെ ഭാഷയാണ് കേരളമെന്ന ഇന്നുപറയുന്ന പ്രദേശത്ത് പണ്ടു സാഹിത്യത്തിനും സംസാരത്തിനും ഉപയോഗിച്ചതെന്നു പറയേണ്ടിവരും. ആ ഭാഷ മലയാളമായിക്കരുതിയാൽ തമിഴ് വ്യാകരണഗ്രന്ഥമായ തൊൽക്കാപ്പിയം മലയാളഭാഷയുടെകൂടി വ്യാകരമണെന്നു സമ്മതിക്കേണ്ടിയും വരും. ഡോക്ടർ ആർ ഗോപിനാഥന്റെ *മലയാളഭാഷ തൊൽക്കാപ്പിയത്തിൽ* എന്ന ഗ്രന്ഥത്തിൽ ഇമ്മാതിരിയിലുള്ള അന്വേഷണമാണ് നടത്തിയിരിക്കുന്നത്. ഇന്നത്തെ തമിഴിന് യോജിക്കാത്ത പല നിയമങ്ങളും തൊൽക്കാപ്പിയത്തിലുണ്ടെന്നും അവ മലയാളത്തിന് യോജിക്കുന്നുണ്ടെന്നും സ്ഥാപിച്ചാണ് മലയാളത്തിന്റെ പഴക്കം തൊൽക്കാപ്പിയവുമായി ബന്ധിപ്പിക്കുന്നത്. സംഘസാഹിത്യത്തിലെ ഭാഷ മലയാളമാണെന്നു പറഞ്ഞാലും തൊൽക്കാപ്പിയം മലയാളത്തിന്റെ വ്യാകരണഗ്രന്ഥമാണെന്നു സ്ഥിരീകരിച്ചാലും വർണപദവാക്യതലങ്ങളിൽ ഇന്നത്തെ മലയാളവുമായി അവയ്ക്കു ഏറെ വ്യത്യാസമുണ്ട്. മാത്രമല്ല അവ എഴുതാൻ ഉപയോഗിച്ച ലിപി പൂർണമായും ദ്രമിഡസംഘാതാക്ഷര നിബദ്ധവുമാണ് അതിനാൽ ഇന്നത്തെ മലയാളമായി ആ ഭാഷയെ കണക്കാക്കാൻ കഴിയുകയുമില്ല. ആ ഭാഷയുടെ വ്യാകരണം മലയാളഭാഷയുടെ വ്യാകരണമാവുകയുമില്ല.

അടുത്തഘട്ടം പാട്ടും മണിപ്രവാളത്തിന്റേതുമാണ്. പാട്ടും മണിപ്രാവാളത്തോടുംകൂടിയാണ് മലയാളഭാഷ അഭിവ്യക്തമാകുന്നതെന്നു പൊതുവേ പറയാറുണ്ട്. എന്നാൽ അവയിലെ ഭാഷ മാനകസ്വഭാവമുള്ള മലയാളമാണെന്നു പറയുകവയ്യ. പാട്ട് ദ്രമിഡസംഘാതാക്ഷരമായതിനാലും പാണ്ഡ്യഭാഷാസാ

**ഇതരഭാഷകളിൽനിന്നു വ്യത്യസ്തമായ ഒരു ഭാഷയായി മലയാളം മാറിയെങ്കിലും ആ ഭാഷയുടെ എല്ലാ വ്യകരണതലങ്ങളെയും ഉൾക്കൊള്ളുന്ന സിദ്ധാന്തങ്ങൾ ഇനിയുമുണ്ടായിട്ടില്ല. ഏകീകൃതത്വവും മാനകവുമായ ഒരവസ്ഥ ഒരു ഭാഷയ്ക്ക് കൈവന്നാൽ മാത്രമേ ആ ഭാഷയിൽ സമഗ്രവും സമ്പൂർണ്ണവുമായ വ്യാകരണസിദ്ധാന്തങ്ങൾ രൂപപ്പെടുത്താൻ കഴിയൂ.**

രൂപ്യം പാട്ടിലേറെ വരുന്നതിനാലും തമിഴ്വ്യാകരണനിയമങ്ങളോടു ഏറെ ആധമർണ്യം പുലർത്തുന്ന സ്വഭാവമാണ് പാട്ടിലെ ഭാഷയ്ക്കുള്ളത്. ഭാഷാസംസ്കൃതയോഗമായ മണിപ്രവാളത്തിലെ ഭാഷയാകട്ടെ സംസ്കൃതത്തിലെ പലവ്യാകരണനിയമങ്ങൾ അനുസരിക്കുന്നതുകൊണ്ടും സന്ദർഭേ സംസ്കൃതീകൃതാച പോലെയുള്ള സൂത്രങ്ങളിലെ നിയമങ്ങളുംകൊണ്ട് മലയാളഭാഷയിൽനിന്നും അകന്നു നിൽക്കുന്നു.

മലയാളത്തിന് മാനകസ്വഭാവം കൈവരുന്നത് എഴുത്തച്ഛന്റെ കൃതികളുടെ പ്രചാരത്തോടെയാണെന്നു വേണമെങ്കിൽ നമുക്കു അംഗീകരിക്കാം. എന്നാൽ അതേ കാലഘട്ടത്തിലും അതിനുശേഷവും എത്രയെത്രവ്യത്യസ്തമലയാളങ്ങളാണ് മലയാളത്തിലുണ്ടായത്. മലയാളമെന്ന പേരുതന്നെ നമ്മുടെ ഭാഷയ്ക്ക് ലഭിച്ചത് പത്തൊമ്പതാം നൂറ്റാണ്ടിലാണ്. ആ പേരു നൽകിയതാകട്ടെ ഒരു വിദേശിയും. (എഫ്. സ്പ്രിങ്ങിന്റെ ഗ്രന്ഥത്തിന്റ തലക്കെട്ടിൽ ഗ്രാമർ ഓഫ് മലയാളം ലാംഗേജ് എന്ന് പ്രയോഗത്തിലാണ് മലയാളം എന്ന വാക്ക് ആദ്യമായി ഉപയോഗിക്കുന്നത്.) അങ്ങനെയൊരു പേരു ഇല്ലാതിരുന്നെങ്കിലും ഇവിടെ നമ്മുടേതായ ഒരു ഭാഷയുണ്ടായിരുന്നു. തമിഴ്, മലന്തമിഴ്, പാഴ, ഭാഷ, മലയാം പാഴ, മലയായ്മ മലയാണ്മ എന്നൊക്കെ അറിഞ്ഞിരുന്ന ആ ഭാഷകൾക്കൊന്നും മലയാളത്തിന്റെ മാനകസ്വഭാവം ഉള്ളതായിപറയായൻ കഴിയില്ല. കൃഷ്ണഗാഥയിലെയും എഴുത്തച്ഛൻകൃതികളിലെയും ഭാഷ ഒഴിച്ചുനിർത്തിയാൽ സംഘകാലം തൊട്ടിങ്ങോട്ടുള്ള ഭാഷകളിൽ ഭാഷയുടെ വ്യത്യസ്ത സ്വഭാവങ്ങളാണ് കാണുക. അതുകൊണ്ടാണ് പാട്ടിലെ ഭാഷ, മണിപ്രവാളത്തിലെ ഭാഷ, ശാസനങ്ങളിലെ ഭാഷ, നമ്പ്യാൻതമിഴിലെ ഭാഷ എന്നിങ്ങനെ വ്യത്യാസപ്പെടുത്തി അവയെ സൂചിപ്പിക്കുന്നത്. അറബിമലയാളം, പാതിരിമലയാളം, തുളുമലയാളം, അച്ചടിമലയാളം, മൊബൈൽ ഇന്റർനെറ്റ്പോലെയുള്ള നവമാധ്യമങ്ങളിലെ മലയാളം എന്നിങ്ങനെ എത്രയെത്ര മലയാളമാണ് പിന്നീടുണ്ടായത്. വർണപദവാക്യഘടനകളിൽ ഇവയെല്ലാം വ്യത്യസ്ത വ്യാകരണസ്വഭാവമാണ് പ്രകടമാകുന്നത്. ആ നിലയ്ക്ക് ഏതു കാലഘട്ടത്തിലെ ഏതുമലയാളത്തെ അടിസ്ഥാനമാക്കിയാണ് മലയാളത്തിന്റെ സമ്പൂർണ്ണവ്യാകരണം രൂപപ്പെടുത്താൻ കഴിയുക എന്നതാണ് മലയാളവ്യാകരണനിർമിതിയിലെ കാതലായ പ്രശ്നം.

മലയാളത്തിന് ഇതുവരെയുണ്ടായ വ്യാകരണപഠനങ്ങൾ പരിശോധിച്ചാൽതന്നെ ഇക്കാര്യം വ്യക്തമാകും. 2005 വരെയുള്ള കണക്കനുസരിച്ച് 17 മലയാളവ്യാകരണഗ്രന്ഥങ്ങളും വിദേശീയർ എഴുതിയ 11 വ്യാകരണരചനകളും വ്യാകരണവുമായി ബന്ധപ്പെട്ട 37 പഠനഗ്രന്ഥങ്ങളും ഉൾപ്പെടെ 65 ഗ്രന്ഥങ്ങളാണ് ഇതുവരെയുണ്ടായത്.(ഡോ.രാജേന്ദ്രന്റെ മലയാളവ്യാകരണചരിത്രം എന്ന ഗ്രന്ഥത്തോടു കടപ്പാട്) ഇതുകൂടാതെ അനവധി ലേഖനങ്ങളും പ്രബന്ധങ്ങളും വേറെയുംവന്നിട്ടുണ്ട്. ഒരർഥത്തിൽ വളരെ വിപുലമായ പഠനങ്ങളാണ് മലയാളത്തിലെ വ്യാകരണമേഖലയിൽ ഉണ്ടായത്. ഇത്രയേറെ പഠനങ്ങൾ മലയാളത്തിത്തിലുണ്ടായെങ്കിലും മലയാളവ്യാകരണപഠനത്തിൽ ഇപ്പോഴും ഒരപൂർണത അനുഭവപ്പെടുന്നത് വ്യാകരണരചനയ്ക്ക് സ്വീകരിക്കുന്ന ഭാഷയുടെ അവ്യവസ്ഥിതത്വം കൊണ്ടാണ്. അതിനോടൊപ്പം വ്യാകരണരചനയ്ക്ക് സ്വീകരിക്കുന്ന മാർഗങ്ങളുടെ വ്യതിരിക്തതയും വ്യാകരണരചനയ്ക്ക് തുനിഞ്ഞവരുടെ വൈയക്തികനിലപാടുകളും ഇതിനു കാരണമായി. മലയാളത്തിലെ ആദ്യത്തെ വ്യാകരണമായ ലീലാതിലകം തന്നെ നോക്കുക. അന്നുനിലവിലുണ്ടായിരുന്ന പല മലയാളങ്ങളിൽ മണിപ്രവാളത്തിൽ ഉപയോഗിച്ച ഭാഷയുടെ വ്യാകരണം മാത്രമാണ് അതിൽ കൈകാര്യം ചെയ്യുന്നത്. തന്മൂലം അന്നത്തെ മലയാളഭാഷയുടെ ഒരു സമ്പൂർണവ്യാകരണമായി ലീലാതിലകത്തെ കാണുക വയ്യ. മാത്രമല്ല ലീലാതലകത്തിലെ വ്യാകരണകാര്യങ്ങളിൽ പലതും പിന്നീടുള്ള മലയാളഭാഷയ്ക്കു ചേരാത്തതുമായി. ലീലാതിലകത്തിനുശേഷം മലയാള വ്യാകരണരചനയ്ക്ക് തുനിഞ്ഞത് വിദേശികളാണ്. അവരാകട്ടെ വിദേശികൾക്ക് മലയാളം മനസ്സിലാക്കാൻ വേണ്ടി മലയാള വ്യാകരണത്തെ സംബന്ധിക്കുന്ന ചില വിവരങ്ങൾ ഇംഗ്ലീഷുഭാഷയിൽ രചിക്കുകയാണ് ചെയ്തത്. 1712-ൽ ഇറ്റലിക്കാരനായ ബിഷപ്പ് ആഞ്ചലോസ് ഫ്രാൻസിസ് രചിച്ച വ്യവഹാരഭാഷാ വ്യാകരണം, 1772-ൽ ക്ലമന്റ് പാതിരി രചിച്ച ആൾഫബെത്തും ഗ്രന്ഥോനിക്കോ മാലബാറിക്കോയും 1781-ൽ അർണോസ് പാതിരി രചിച്ച ഗ്രന്ഥഭാഷയുടെ വ്യാകരണം എന്നിവ ഇതിനുദാഹരണങ്ങളാണ്. റോബർട്ട് ഡ്രുമ്മ്, എഫ് സ്പ്രിങ്, ജോസഫ് പീറ്റ് എന്നിവരുടെ വ്യാകരണ പഠനത്തിനും ശേഷമാണ് സാധാരണ മലയാളികൾക്കു കൂടി ഉപയോഗയോഗ്യമായ രീതിയിൽ മലയാളത്തിൽ ആദ്യമായി ഒരു വ്യാകരണഗ്രന്ഥം ഹെർമൻ ഗുണ്ടർട്ട് രചിക്കുന്നത്. മലയാളഭാഷാവ്യകരണം എന്നപേരിൽ 1851-ൽ. മലയാളികൾക്കുവേണ്ടി ഒരു മലയാളി മലയാളത്തിൽ രചിക്കുന്ന ആദ്യത്തെവ്യാകരണമാണ് ജോർജ്ജുമാത്തന്റെ മലയാണ്മയുടെ വ്യാകരണം. എ ഗ്രാമർ ഓഫ് മലയാളം ഇൻ ദ് ലാംഗേജ് ഇറ്റ് സെൽഫ് എന്ന ഇംഗ്ലീഷിൽ പേരിട്ട പുസ്തകത്തിന് മലയാണ്മയുടെ വ്യാകരണം എന്നാണ് മലയാളത്തിൽ പേരിട്ടത്. മലയാളം എന്ന ഭാഷാനാമം അക്കാലത്തും പ്രചാരം ലഭിച്ചിരുന്നില്ലെന്നു ഇതിൽനിന്നു നാം അറിയണം. ഈ ഗ്രന്ഥങ്ങളെല്ലാംതന്നെ പാശ്ചാത്യവ്യാകരണ മാതൃകകളെ അടിസ്ഥാനമാക്കിയാണ് രചിച്ചിട്ടുള്ളത്. റവറന്റ് ജോർജ്ജുമാത്തൻപോലും മലയാളഭാഷയുടെ ആവിർ ഭാവചരിത്രം പരിഗണിക്കാതെ അന്നു നിവിലുണ്ടായിരുന്ന ഭാഷയ്ക്ക് അന്നത്തെ മലയാളലിപി ഉപയോഗിച്ച് എഴുതുകയായിരുന്നു. *റവറന്തു മാത്തൻ ഗീവർഗീസു എന്ന നാട്ടുപാദ്രിയാൽ ചമയിക്കപ്പെട്ടതു* എന്ന തരത്തിലെ ഭാഷയിലാണ് വ്യാകരണരചന. മലയാളവ്യാകരണത്തിനു തുടക്കം കുറിച്ച കൃതി എന്നുമാത്രമെ മലയാണ്മയുടെ വ്യാകരണത്തെ കരുതേണ്ടതുള്ളൂ. പാച്ചുമൂത്തതിന്റെ കേരളഭാഷാവ്യാകരണത്തിനും (1876)കോവുണ്ണി നെടുങ്ങാടിയുടെ കേരളകൗമുദിക്കും (1878) ശേഷമാണ് എ.ആറിന്റെ സൂ

ത്രുവൃത്തിരീതിയിലുള്ള കേരളപാണിനീയത്തിന്റെ ഒന്നാം പതിപ്പും (1896) തുടർന്നുണ്ടായ വിമർശനങ്ങളെല്ലാം ഉൾക്കൊണ്ടുകൊണ്ടു കേരളപാണിനീയത്തിന്റെ പരിഷ്കരിച്ച രണ്ടാം പതിപ്പം (1916) പ്രസിദ്ധപ്പെടുത്തുന്നത്.

കേരളപാണിനീയത്തിന്റെ പ്രാധാന്യം ഇവിടെ ചർച്ചചെയ്യുന്നില്ല. മലയാളവ്യാകരണത്തിന്റെ അടിസ്ഥാനഗ്രന്ഥമായാണ് പ്രാരംഭകാലം മുതലേ കേരളപാണിനീയത്തെ കരുതിപ്പോന്നത്. കേരളപാണിനീയത്തിനു ശേഷമുണ്ടായ എല്ലാവ്യാകരണഗ്രന്ഥങ്ങളും കേരളപാണിനീയത്തിന്റെ വ്യാഖ്യാനങ്ങളോ വിശദീകരണങ്ങളോ വിമർശനങ്ങളോ ആയിട്ടാണ് രചിക്കപ്പെട്ടത്. ത ന്മൂലം കേരളപാണിനീയത്തെക്കൂടി ആധാരമാക്കാതെ അവയ്ക്ക് സ്വതന്ത്രമായ നിലനിൽപ്പില്ലെന്നും വന്നു. മലയാളവ്യാകരണം കേരളപാണിനീയത്തെ ആധാരമാക്കിത്തന്നെ തുടരുകയും ചെയ്തു. ബിരുദബിരുദാനന്തരതലത്തിൽ വ്യാകരണപഠനത്തിനു പാഠപുസ്തകമായി നിർദേശിക്കുന്നത് ഇപ്പോഴും കേരളപാണിനീയമാണെന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാകുന്നുമില്ല. പരീക്ഷയ്ക്കുള്ള ചോദ്യങ്ങൾ കേരളപാണിനീയത്തെ ആസ്പദമാക്കിയാണ് വരുന്നത്. അതും കാരികയുടെ അർഥം ചോദിക്കുന്ന മട്ടിൽ. വ്യാകരണപഠനരീതിയിലും സമീപനങ്ങളിലും ഒട്ടേറെ മാറ്റം വന്നെങ്കിലും ഇപ്പോഴും കേരളപാണിനീയത്തെ മാത്രം ആധാരമാക്കിയുള്ള വ്യാകരണപഠനമേ ക്ലാസിൽ നടക്കുന്നുള്ളൂ. കേരളപാണിനീയത്തിനുശേഷമുണ്ടായ വ്യാകരണപഠനങ്ങൾ പരിചയപ്പെടാനോ ക്രോഡീകരിച്ച് വിശകലനം ചെയ്തുപഠിപ്പിക്കാനോ ഉള്ള അവസരം നിശ്ചിതസമയത്തിനുള്ളിൽ തീർക്കേണ്ട ക്ലാസുകളിൽ ഉണ്ടാകുന്നുമില്ല. കേരളപാണിനീയത്തിനുശേഷം വ്യാകരണ ഗ്രന്ഥങ്ങൾ പലതുണ്ടായെങ്കിലും മലയാളവ്യാകരണപഠനം കേരളപാണിനീയത്തിനപ്പുറം പോകാതെ നിൽക്കുന്നതും വ്യാകരണപഠനം വേണ്ടരീതിയിൽ നടക്കാതിരിക്കു ന്നതും പഠനസമ്പ്രദായത്തിൽ അവലംബിക്കുന്ന ഈ തെറ്റായ രീതികൊണ്ടാണ്. വ്യാകരണപഠനം ഇപ്പോഴും അക്കാദമികതലത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നു എന്നതാണ് സത്യം.

വ്യത്യസ്തമലയാളം ഉണ്ടെന്നുപറഞ്ഞതുപോലെ വ്യാകരണപഠനത്തിൽ സ്വീകരിച്ച വ്യത്യസ്തസമീപനങ്ങളും നിലപാടുകളും മലയാളവ്യാകരണപഠനത്തെ പ്രശ്നസങ്കീർണമാക്കിയിട്ടുണ്ട്. ശാസ്ത്രംപോലെ കൃത്യവും യുക്തവുമാകേണ്ട വ്യാകരണസിദ്ധാന്തങ്ങളും നിയമങ്ങളും വയ്യാകരണന്മാരുടെ വൈയക്തികനിലപാടുമൂലം വ്യത്യസ്തമാകുന്നതുവഴി തെറ്റും ശരിയും തിരിച്ചറിയാൻകഴിയാത്ത അവസ്ഥയാണ് മലയാളവ്യാകരണത്തിൽ സംഭവിച്ചത്. മലയാളത്തിലെ വർണമാലയെക്കുറിച്ചുണ്ടായ വ്യത്യസ്ത അഭിപ്രായം ഇതിനുദാഹരണമായെടുക്കാം. വർണമാലയെക്കുറിച്ചുള്ള കൃത്യമായ കണക്ക് ആദ്യമായി അവതരിപ്പിക്കുന്നത് ലീലാതിലകത്തിലാണ്. സംസ്കൃതാക്ഷരമാലയോടൊപ്പം തമിഴക്ഷരമാലയിലെ ന്റ,റ്റ,ള,ഴ,റ,ന എന്നീ വ്യഞ്ജനങ്ങളും ഹ്രസ്വമായ എകാരഒകാരസ്വരങ്ങളും ചേർന്നതാണ് മലയാളത്തിലെ അക്ഷരമാല എന്നു അതിൽ വ്യക്തമാക്കുന്നു. തമിഴിലെ അയ്തം ഒഴിവാക്കിയെന്നും പറയുന്നു. അങ്ങനെയെങ്കിൽ അ ആ ഇ ഈ ഉ ഊ ഋ ൠ ഌ ൡ എ ഏ ഐ ഒ ഓ ഔ എന്നീ 16 സ്വരങ്ങളും സംസ്കൃതത്തിലെ 33 വ്യഞ്ജനത്തോടൊപ്പം തമിഴിലെ ആറുവ്യഞ്ജനങ്ങളും ചേർത്ത് 55 അക്ഷരങ്ങളാണ് മലയാളത്തിലുണ്ടാവുക. (ഋ,ന,ന്റ എന്നിവ സ്വരത്തെയാണ് സൂചിപ്പിക്കുന്നത്). അക്ഷരമാലയെക്കുറിച്ച് വ്യത്യസ്തനിലപാടുകളാണ് പിന്നീടുവന്നവർക്കെല്ലാം ഉണ്ടായത്. സ്വരങ്ങളുടെ കാര്യം മാത്രം നോക്കുക. ജേർജുമാത്തന് അ എ ഇ ഒ ഉ എന്നിവയുടെ ദീർഘമുൾപ്പെടെ പത്തുസ്വരം, കേരളകൗമുദീകാരന് 18 സ്വരം, കേരപാണിനിക്ക് 16 സ്വരം, ഇരിഞ്ചയം രവിക്ക് 13 സ്വരം, കൈരളീശബ്ദാനുശാസനത്തിൽ 15 സ്വരം, ആധുനികഭാഷശാസ്ത്രദൃഷ്ടിയിൽ ഋ ന ന്റ എന്നിവയെ ഒഴിവാക്കി 13 സ്വരം. ചുരുക്കത്തിൽ മലയാളത്തിൽ എത്ര സ്വരങ്ങൾ എന്ന ചോദ്യത്തിനുപോലും കൃത്യമായ ഉത്തരം നമുക്കില്ലാതെ പോകുന്നു. ലീലാതിലകത്തിൽ പറഞ്ഞിരിക്കുന്നതുപോലെ സംസ്കൃതത്തിലെ എല്ലാ പദങ്ങളും തൽസമമായരീതിയിൽ എഴുതാനും ഉച്ചരിക്കാനും വേണ്ടിയാണ് തമിഴക്ഷരമാലയോടോപ്പം സംസ്കൃതാക്ഷരമാലയും അതിനുവേണ്ട ലിപിയും രൂപപ്പെടുത്തിയത്. തമിഴ് മലയാളമായി മാറിയതുതന്നെ ഇങ്ങനെയൊരു മാറ്റം രൂപപ്പെട്ടപ്പോഴാണ്. ദീർഘഌകാരത്തിൽ ആരംഭിക്കുന്ന നാലും ഌകാരത്തിലാരംഭിക്കുന്ന നാലും ൠകാരത്തിൽ ആരംഭിക്കുന്ന രണ്ടും പദങ്ങൾ ശബ്ദതാരാവലിയിൽ ഉണ്ടായിരിക്കെ ആ മൂന്നു സ്വരങ്ങളെ ഒഴിവാക്കിയുള്ള സ്വരസങ്കൽപ്പ മലയാളത്തിന് എങ്ങനെയാണ് സംഗതമാവുക? ലീലാതിലകകാരൻ പറഞ്ഞ സ്വരങ്ങളാണ് മലയാളത്തിലെ സ്വരങ്ങൾ എന്ന് അസന്നിഗ്ദ്ധമായി പറയുകയാണ് വേണ്ടത്. പക്ഷേ, അതുണ്ടായില്ല. മാത്രമല്ല പഠനവൈപുല്യംകൊണ്ട് കൃത്യത നഷ്ടപ്പെടുകയും ചെയ്തു. കൃത്യമായ വ്യവസ്ഥകളും നിയമങ്ങളും ഉണ്ടാകേണ്ട വ്യാകരണത്തിൽ ഭിന്നാഭിപ്രായങ്ങൾ രൂപപ്പെടുമ്പോൾ വ്യാകരണപഠനത്തിലെ ശാസ്ത്രീയതയാണ് നഷ്ടമാകുന്നത്. വയ്യാകരണൻ ന്യായാധിപനാകരുതെന്ന ആധുനിക ഭാഷാശാസ്ത്രസങ്കൽപ്പം ശരിതന്നെ. എന്നാൽ ന്യായാധിപൻ ഇല്ലാത്ത കോടതിയിൽ തങ്ങളുടെ പക്ഷം മാത്രം ശരിയെന്നു വാദിക്കുന്ന വക്കീലന്മാർ മാത്രമായാൽ സംഭവിക്കാവുന്ന അരാജകത്വമാണ് മലയാളവ്യാകരണപഠനത്തിൽ ഉണ്ടാകുന്നത്.

വ്യാകരണത്തിൽ വ്യത്യസ്ത സമീപനങ്ങളും സിദ്ധാന്തങ്ങളും രൂപപ്പെടുന്നെങ്കിലും അവയെ വിശകലനം ചെയ്തു ക്രോഡീകരിക്കുവാനുള്ള ശ്രമം ഉണ്ടാകുന്നില്ല എന്നതാണ് ഭാഷാവ്യാകരണപഠനത്തിലെ മറ്റൊരു പ്രശ്നം. ഉദാഹരണമായി മലയാളത്തിലെ സന്ധികാര്യമെടുക്കാം. ലീലാതിലകത്തിലെ 29 സന്ധി സൂത്രങ്ങളിൽ പകുതിയിലധികവും ഇന്നത്തെ മലയാളത്തിന് യോജിക്കുന്നതല്ല. ഭാഷയുടെ പരിണാമദശ മനസ്സിലാക്കാൻ എന്നാൽ അവ ആവശ്യമാണുതാനും. നാട്+അകം-നാട്ടകം (ദ്വിത്വസന്ധി) വെള്ളം+ പൊക്കം-വെള്ളപ്പൊക്കം (ക്വചില്ലോപഃ) എന്നിങ്ങനെ

**മലയാളവ്യാകരണത്തിന്റെ അടിസ്ഥാന ഗ്രന്ഥമായാണ് പ്രാരംഭകാലം മുതലേ കേരളപാണിനീയത്തെ കരുതിപ്പോന്നത്. കേരളപാണിനീയത്തിനു ശേഷമുണ്ടായ എല്ലാവ്യാകരണഗ്രന്ഥങ്ങളും കേരളപാണിനീയത്തിന്റെ വ്യാഖ്യാനങ്ങളോ വിശദീകരണങ്ങളോ വിമർശനങ്ങളോ ആയിട്ടാണ് രചിക്കപ്പെട്ടത്. തന്മൂലം കേരളപാണിനീയത്തെക്കൂടി ആധാരമാക്കാതെ അവയ്ക്ക് സ്വതന്ത്രമായ നിലനിൽപ്പില്ലെന്നും വന്നു.**

**ശാസ്ത്രംപോലെ കൃത്യവും യുക്തവുമാകേണ്ട വ്യാകരണസിദ്ധാന്തങ്ങളും നിയമങ്ങളും വയ്യാകരണന്മാരുടെ വൈയക്തികനിലപാടുമൂലം വ്യത്യസ്തമാകുന്നതുവഴി തെറ്റും ശരിയും തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയാണ് മലയാളവ്യാകരണത്തിൽ സംഭവിച്ചത്.**

യുള്ള സന്ധികാര്യങ്ങൾ വിശദീകരിക്കാൻ ലീലാതിലകസന്ധി നിയമങ്ങൾ മാത്രമേ ഇപ്പോഴുമുള്ളുവെന്നും നാം തിരിച്ചറിയണം. കേരളപാണിനീയത്തിലെ സന്ധിപ്രകരണത്തിൽ വന്ന പോരായ്മകളും തിരുത്തേണ്ടതുണ്ട്. സന്ധിയെക്കുറിച്ച് പിന്നീടുണ്ടായ പ്രമുഖപഠനങ്ങൾ - ഫാദർ ജോൺകുന്നപ്പള്ളി, എൻഎൻ മൂസ്സത്. കെ സുകുമാരപിള്ള, രാമചന്ദ്രപൈ, വാസുദേവഭട്ടതിരി, എൻ രാജേന്ദ്രൻ തുടങ്ങിയവരുടെ പഠനങ്ങൾ -ക്രോഡീകരിച്ചാൽ മലയാളത്തിലെ സന്ധിയെക്കുറിച്ച് കുറ്റമറ്റ പഠനം തയാറാക്കാൻ കഴിയും. പുതിയ പഠനങ്ങളെക്കാൾ അമ്മാതിരിയുള്ള ക്രോഡീകരണമാണ് വ്യാകരണത്തിൽ ഇനി ഉണ്ടാകേണ്ടത്. വ്യാകരണവിഭാഗത്തിലെ ഓരോ ഘടകങ്ങളേയും വെവ്വേറെ എടുത്ത് ഇതുവരെയുള്ള പഠനത്തിന്റെ പശ്ചാത്തലത്തിൽ വിശകലനംചെയ്ത് രൂപപ്പെടുത്തുന്ന ഒരു ഗ്രന്ഥമോ പാഠ്യപദ്ധതിയോ ഉണ്ടാവുകയും അതുമാത്രം ബിരുദബിരുദാനന്തരതലത്തിൽ പാഠപുസ്തകമാക്കി പഠിപ്പിക്കുകയും ചെയ്താൽ മാത്രമേ മലയാളവ്യാകരണത്തിലെ അവ്യവസ്ഥിതത്വം മാറികിട്ടുകയുള്ളൂ. അതിനുള്ള ശ്രമമാണ് ഇനി ഉണ്ടാകേണ്ടത്.

മലയാളഭാഷയുടെ ഉൽപ്പത്തിസിദ്ധാന്തങ്ങളുടെ പശ്ചാത്തലത്തിലാവണം വ്യാകരണവ്യവസ്ഥകൾ രൂപപ്പെടുത്തേണ്ടത്. കേരളമുൾപ്പെട്ടിരുന്ന അഞ്ചുനാടുകളിലെ കൊടുന്തമിഴ് സംസ്കൃതസ്വാധീനത്തിന്റെയും സംസ്കൃതഭാഷ ഉപയോഗിച്ചിരുന്ന അബ്രാഹ്മണരുടെ ആധിപത്യത്തിന്റേയും ഫലമായി പരിവർത്തനപ്പെട്ടു വന്ന ഭാഷയാണ് മലയാളം. തന്മൂലം ആദ്യകാല മലയാളത്തിൽ തമിഴിന്റേയും സംസ്കൃതത്തിന്റേയും വ്യാകരണനിയമങ്ങളുടെ സ്വാധീനം പ്രകടമായിട്ടുണ്ട്. മലയാളത്തിന്റെ പ്രാരംഭകാലം തൊൽകാപ്പിയനിയമങ്ങളിൽ അധിഷ്ഠിതമായിരുന്നു. പാട്ടും മണിപ്രവാളവും കഴിഞ്ഞ് എഴുത്തച്ഛൻകൃതികളിലൂടെ വളർന്ന മലയാളം വിവിധപരിണാമങ്ങൾക്ക് വിധേയമായിട്ടുണ്ട്. ആറുനയങ്ങളുടെ പരിണാമചരിത്രം പരിശോധിച്ചാൽ തന്നെ ഇക്കാര്യം വ്യക്തമാകും. മലയാള ഭാഷയുടെ പരിണാമചരിത്രത്തിൽ വ്യാകരണത്തോളം പ്രാധാന്യം ലിപി പരിണാമത്തിനുമുണ്ടെന്നു കാണാം. ഭാഷ പരിവർത്തിതമാകാൻ സംസ്കൃതസ്വാധീനമുണ്ടെന്നു പറയുമ്പോൾ പ്രധാനമായും സംസ്കൃതാക്ഷരങ്ങൾ വേർതിരിച്ച് എഴുതാനുതകുന്ന ലിപികൂടി നിർബന്ധമായും ഭാഷയിൽ ഉണ്ടാകണമെന്ന ശാഠ്യത്തെയാണ് ഉദ്ദേശിക്കുന്നത്. ദ്രമിഡസംഘാതാക്ഷരലിപികൾ വട്ടെഴുത്തിലോ കോലെഴുത്തിലോ എഴുതുകയും അതിൽ ഉൾപ്പെടുത്താൻ കഴിയാത്ത സംസ്കൃതാക്ഷരങ്ങൾ ആര്യഎഴുത്തിലും എഴുതുന്ന രീതിയാണ് ആദ്യമുണ്ടായത്. പിന്നീട് വട്ടെഴുത്തും കോലെഴുത്തും പൂർണമായും ഉപേക്ഷിച്ചുകൊണ്ട് എല്ലാറ്റിനുംകൂടിചേരുന്ന പുതിയലിപി ഭാഷയിൽ ഉപയോഗിക്കാൻ തുടങ്ങി. ദ്രമിഡസംഘാതാക്ഷര ലിപികളോടൊപ്പം അതിൽ ഉൾപ്പെടാത്ത സംസ്കൃതാക്ഷരങ്ങൾകൂടി എഴുതാൻ പുതിയലിപി സ്വീകരിച്ചതാണ് ഒരു പുതിയ ഭാഷയായി മലയാളം മാറാൻ ഇടയാക്കിയത്. ഈ പശ്ചാത്തലത്തിൽ നോക്കുമ്പോഴാണ് മലയാളഭാഷോൽപ്പത്തിസിദ്ധാന്തങ്ങളിൽ സംസ്കൃതജന്യവാദത്തിനു കൂടുതൽ പ്രസക്തിയുണ്ടാകുന്നത്. മലയാളം സംസ്കൃതത്തിൽ നിന്നുണ്ടായി എന്നല്ല സംസ്കൃതസ്വാധീനംകൊണ്ടുണ്ടായി എന്ന അർഥം കൽപ്പിക്കുകയാണെങ്കിൽ മലയാളഭാഷോൽപ്പത്തിസിദ്ധാന്തങ്ങളിൽ സംസ്കൃതജന്യവാദമാണ് ഏറെ ശരി.. (മലയാളഭാഷ മറ്റു ഭാഷകളുമായി സമ്പർക്കമുണ്ടായപ്പൊഴൊന്നും ആ ഭാഷകളുടെ ഉച്ചാരണംപോലെ എഴുതാനായി ഒരു പുതിയ ലിപി രൂപപ്പെട്ടില്ല. നിലവിലുള്ള അക്ഷരത്തിലും ലിപിയിലും അവ എഴുതുകയാണ് ചെയ്തത്. എന്നാൽ സംസ്കൃതവുമായി സമ്പർക്കത്തിൽ ഏർപ്പെട്ടപ്പോൾ എഴുത്തിലും ഉച്ചാരണത്തിലും സംസ്കൃതംപോലെവേണമെന്ന നിർബന്ധം ഉണ്ടായി. സംസ്കൃതഭാഷാ സമ്പർക്കത്തിൽ മാത്രമേ മലയാളത്തിനു ഇങ്ങനെയൊരവസ്ഥ ഉണ്ടായിട്ടുള്ളൂ. ആ അവസ്ഥയാണ് മലയാളം രൂപപ്പെടാൻ ഇടയാക്കിയത്.)

വ്യാകരണത്തിന്റെ വർണപദവാക്യ ഘടനയിലും ലിപിഘടനയിലും വിവിധപരിണാമങ്ങൾക്ക് വിധേയമായിരൂപംകൊണ്ട ഭാഷയാണ് മലയാളം. അതിനാൽ ആഗമികവും വിവരണാത്മകവുമായ രീതിയിലുള്ള വ്യാകരണമേ മലയാളഭാഷയ്ക്കു ചേരുകയുള്ളൂ. ഈയൊരു കാഴ്ചപ്പാടിലാകണം മലയാളവ്യാകരണസിദ്ധാന്തങ്ങൾ രൂപപ്പെടുത്തേണ്ടത്. മലയാളവ്യാകരണത്തിൽ ശരിയും തെറ്റും നിർണയിക്കുന്നത് ആഗമികസ്വഭാവം കൂടി പരിശോധിച്ചാകണം. കണ്ണശ്ശരാമായണത്തിലെ ചൊല്ലാർന്നവയോധ്യ എന്നതിലെ വാഗമം പിന്നീടുള്ള മലയാളത്തിൽ വരുന്നില്ല. ചുട്ടെഴുത്തുകൾക്കുശേഷം വകാരാഗമമേ വരൂ എന്ന നിയമം അയാൾ ഇയാൾ എന്നിവയിൽ കാണുന്നില്ല. സംഖ്യാവിശേഷണം ചേർന്നാൽ ക്ലീബത്തിൽ ബഹുക്കുറിവേണ്ടെങ്കിലും ആറുനയങ്ങളും ഏഴുനിറങ്ങളും എട്ടുദിക്കുകളുംബഹുക്കുറി ചേർത്താണ് ഉപയോഗിക്കുന്നത്. ഒന്നിനൊന്നു വ്യതിരിക്തമായ ക്ലീബനാമങ്ങളിൽ സംഖ്യാവിശേഷണം വന്നാലും ബഹുക്കുറിവേണമെന്ന പുതിയനിയമം അവിടെ ആവശ്യമായും വരുന്നു. കരി+ഇല കരിയില എന്നു ആഗമത്തിലും കരീല എന്നു സംസ്കൃതസന്ധിനിയമം അനുസരിച്ചും വരുന്നു. വരമൊഴിയിലെ പല രൂപങ്ങളും വായ്മൊഴിയിൽ സംഗതമാകുന്നില്ല. കുഴിയിൽ വീണു, കുഴീൽ വീണു, കുഴി വീണു എന്നീ മൂന്നുപ്രയോഗങ്ങളും ശരിയാണെന്നറിയുമ്പോൾ ആധാരികാവിഭക്തിയിൽനിന്നു ലുപ്തമെന്ന വിഭക്ത്യാഭാസമായി ആ പ്രയോഗം പരിണമിച്ചെന്നും അറിയേണ്ടതുണ്ട്. ഇങ്ങനെ നോക്കുമ്പോൾ ആഗമികവ്യാകരണം അനുസരിച്ചുമാത്രമേ മലയാളത്തിൽ ഇന്നതു ശരി, ഇന്നതു തെറ്റ് എന്നു കൽപ്പിക്കാനാവൂ. പറയേണ്ടതെങ്ങനെ എന്നതിനേക്കാൾ പറഞ്ഞതെങ്ങനെ എന്നു വ്യാഖ്യാനിക്കാനാകണം മലയാളത്തിൽ വ്യാകരണനിയമങ്ങൾ ഉണ്ടാകേണ്ടത്.

മലയാളഭാഷയെക്കുറിച്ചും വ്യാകരണത്തെക്കുറിച്ചും ചിന്തിക്കുന്ന വേളയിൽ ശ്രദ്ധേയമായ മറ്റൊരുകാര്യം കൂടി നാം അറിയണം. മാതൃഭാഷയോടു മലയാളികൾക്കുള്ള മനോഭാവമാണത്. എന്നും മാതൃഭാഷയെ അവഗണിക്കുന്ന സ്വഭാവമാണ് മലയാളികൾ കാട്ടിയിട്ടുള്ളത്. മാതൃഭാഷയിൽ എഴുതുക

യും പറയുകയും ചെയ്യുന്നത് കുറവായി കരുതുന്നവരാണ് മലയാളികൾ. സ്വന്തം ഭാഷയെ അപകൃഷ്ടഭാഷയായും നീചഭാഷയായും കൽപ്പിക്കുന്നതിൽ ഒരഭിമാനക്ഷതവും മലയാളികൾക്ക് പണ്ടേ തോന്നിയിട്ടില്ല. മലയാളത്തിൽ കവിത എഴുതിയ പുനം അരക്കവിയായത് കെട്ടുകഥയല്ല. ഇങ്ങനെ ഭാഷയെ അവഗണിച്ചവർ കുറ്റമറ്റ രീതിയിൽ ഭാഷകൈകാര്യം ചെയ്യാനാവശ്യമായ വ്യാകരണശാസ്ത്രത്തെ കാലാകാലങ്ങളിൽ അവഗണിക്കുകയാണ് ചെയ്തത്. ഇക്കാക്ക വ്യാകരണം ശ്രദ്ധിച്ചല്ല എഴുതുന്നതെന്നു പറഞ്ഞ അനുജനോട്ടു കയർത്ത ബഷീറിനെയാണ് മലയാളികൾക്കിഷ്ടം. വ്യാകരണശുദ്ധിയോടെ ഭാഷ കൈകാര്യം ചെയ്യേണ്ടത് ഭാഷാപണ്ഡിതന്മാർ മാത്രമാണെന്നാണ് മലയാളികളുടെ വിചാരം. അങ്ങനെയല്ലാത്തവർക്ക് മലയാളം എങ്ങനെയും പറയാം എങ്ങനെയും എഴുതാം എന്നതാണ് സ്ഥിതി. .

**മാതൃഭാഷയിൽ എഴുതുകയും പറയുകയും ചെയ്യുന്നത് കുറവായി കരുതുന്നവരാണ് മലയാളികൾ. സ്വന്തം ഭാഷയെ അപകൃഷ്ട ഭാഷയായും നീചഭാഷയായും കൽപിക്കുന്നതിൽ ഒരഭിമാനക്ഷതവും മലയാളികൾക്ക് പണ്ടേ തോന്നിയിട്ടില്ല. മലയാളത്തിൽ കവിത എഴുതിയ പുനം അരക്കവിയായത് കെട്ടുകഥയല്ല.**

മലയാളം തെറ്റിച്ചുപറയുന്നതും ഉച്ചരിക്കുന്നതും കൂടുതൽ ശ്രദ്ധകിട്ടുന്നതിനുള്ള പരസ്യതന്ത്രം വരെയായിരിക്കുന്നു. നവമാധ്യമങ്ങൾ ആ തന്ത്രം പരമാവധി ഉപയോഗിക്കുകയും ചെയ്യുന്നു. ആശയം വ്യക്തമാകുമെങ്കിൽ എങ്ങനെ ഭാഷ ഉപയോഗിച്ചാലും തെറ്റില്ല എന്ന ആധുനികഭാഷാശാസ്ത്രം കൂടിയായപ്പോൾ വ്യാകരണ പഠനം തീർത്തും ഒരു പാഠ്യപദ്ധതിയായി മാറി. മാത്രമല്ല ഏറ്റവും പ്രയാസമുള്ള വിഷയമായും തീർന്നു. വ്യാകരണത്തിന്റെ അധ്യയനവും അധ്യാപനവും അത്യന്താപേക്ഷിതമാണെന്നു കരുതുന്നവരുടെ എണ്ണവും കുറയുകയാണ്. ഇങ്ങനെ ഭാഷ പലരീതിയിൽ അവഗണിക്കപ്പെട്ടപ്പോൾ വർണപദവാക്യതലങ്ങളിലെ ശരിയായ സ്വഭാവങ്ങളെ സിദ്ധാന്തവൽക്കരിക്കുന്ന കൃത്യമായ വ്യാകരണം ഭാഷയിൽ ഉണ്ടാകാനും പ്രയാസമാകുന്നു.

വ്യാകരണത്തെ സംബന്ധിച്ച പഠനങ്ങൾ കുറഞ്ഞ രീതിയിലെങ്കിലും മലയാളത്തിൽ നടക്കുന്നുണ്ടെങ്കിലും അവയുടെ ക്രോഡീകരണം ഉണ്ടാകുന്നില്ല. മലയാളത്തിൽ ഇതുവരെയുണ്ടായ വ്യാകരണപഠനങ്ങളെയെല്ലാം ഓരോമേഖലകളായി തരംതരിച്ച് വിശദമായ അപഗ്രഥനവും വിശകലനവും നടത്തി ഒരു വലിയ പ്രോജക്ട് എന്നപോലെ ഒരു വ്യാകരണപദ്ധതി രൂപീകരിക്കുകയാണ് ഇനി വേണ്ടത്. ഇങ്ങനെ രൂപപ്പെടുത്തുന്ന വ്യാകരണപദ്ധതി ഇച്ഛാശക്തിയോടെ പൂർണമായും നടപ്പിലാക്കാൻ ഗവണ്മെന്റ് തലത്തിൽ തന്നെ ശ്രമമുണ്ടാകണം. മാതൃഭാഷയെ സ്നേഹിക്കുന്ന വ്യാകരണം ഭാഷയുടെ ആത്മാവാണെന്നു കരുതുന്ന, വ്യാകരണം അനുസരിക്കാത്തപ്രയോഗങ്ങൾ തെറ്റാണെന്നുസധൈര്യം പറയുന്ന, ഭാഷയെ അവഹേളിക്കുന്നത് ശിക്ഷ ലഭിക്കാവുന്ന കുറ്റമായി കണക്കാക്കുന്ന ഒരു കാലമാണ് ഇനി വരേണ്ടത്. മാതൃഭാഷ ഭരണഭാഷയായി മാറിക്കൊണ്ടിരിക്കുന്ന ഈ വേളയിൽ കുറ്റമറ്റ ഒരു വ്യാകരണനിർമിതിയുടെ കാലം സമാഗതമാകുമെന്നു പ്രത്യാശിക്കാം.

(ഡോ.ആർ ഹരിശ്ചന്ദ്രൻ - 8281141096)




കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

**കേരളത്തിലെ കണ്ടലുകളും കണ്ടൽ സഹകാരികളും**

**ഡോ.ടി.ആർ. ജയകുമാരി**

**ആർ. വിനോദ്കുമാർ**

കേരളത്തിലെ കണ്ടൽ വനങ്ങൾ, വിവിധ തരം യഥാർഥ കണ്ടലുകൾ, കണ്ടൽ സഹകാരികൾ, സവിശേഷതകൾ, പ്രാധാന്യം, സംരക്ഷണം എന്നിവയെ കുറിച്ച് ലളിതമായി വിവരിക്കുന്ന ഉത്തമഗ്രന്ഥം.

വില ₹ 70